**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2019 ആഗസ്റ്റ്, സെപ്റ്റംബർ (2019 ഡിസംബർ 15 ന ശേഷം മസ്റ്റർ ചെയ്തവർക്ക്), ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ക്ഷേമ നിധി ബോർഡ് പെൻഷൻ അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 2717/2020/ധന. തീയതി, തിരുവനന്തപുരം, 07.04. 2020**

പരാമർശം :- 1. സ.ഉ(സാധാ) 2515 /2020/ധന തീയതി 27.03.2020
2. കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.04.2020 ലെ WB/W2/654/2020 നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2019 ഡിസംബർ 15 ന ശേഷം മസ്റ്റർ ചെയ്തവർക്ക്, 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 13,65,44,400/- രൂപയും അർഹരായവർക്ക് 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ക്ഷേമ നിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് 354,85,87,700/- രൂപയും ചേർത്ത് ആകെ 368,51,32,100/- രൂപ (മുന്നൂറ്റി അറുപത്തിയെട്ട് കോടി അൻപത്തൊന്ന് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നൂറു രൂപ മാത്രം) നൽകുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ കയർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്നും പെൻഷൻ കൈപറ്റി വരുന്ന മസ്റ്റർ ചെയ്ത 67289 ഗുണഭോക്താക്കളെ കൂടാതെ മസ്റ്റർ ഫെയിൽ റിപ്പോർട്ടും ലൈഫ് സർട്ടിഫിക്കറ്റും ഹാജരാക്കിയ 1252 പേരും, സർക്കാർ അംഗീകൃത പട്ടികയിലുള്ളതും ആധാർ ഇല്ലാത്തവരുമായ 308 പേരും ഉൾപ്പെടെ ആകെ 68849 പേർക്ക് പെൻഷൻ നൽകേണ്ടതിനാൽ, പരാമർശ ഉത്തരവ് പ്രകാരം 67289 പേർക്ക് അനുവദിച്ചതിനു പുറമേ

1609 പേർക്ക് കൂടി 5 മാസത്തെ പെൻഷൻ തുക അനുവദിക്കുന്നതിലേക്ക് 98,14,900/- രൂപ കൂടി (തൊണ്ണൂറ്റിയെട്ട് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കയർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്നും പെൻഷൻ കൈപറ്റി വരുന്ന ഗുണഭോക്താക്കൾക്ക് 2019 ഡിസംബർ മുതൽ 2020 ഏപ്രിൽ വരെയുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിലേക്കായി 98,14,900/- (തൊണ്ണൂറ്റിയെട്ട് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ കൂടി അധികമായി അനുവദിച്ച് ഉത്തരവാകുന്നു.

3. പരാമർശ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ. ഒ.ബി.**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് , ആലപ്പുഴ.
ധനകാര്യ (എസ് എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ&പിഡബ്ല്യൂഡി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നം. 1370541/എസ്.എഫ്.സി-ബി3/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ